# ഔസേപ്പിന്റെ സന്തതി പരമ്പര
## (ചുണ്ടേപറമ്പിൽ)

കഴിഞ്ഞ അദ്ധ്യായങ്ങളിൽ ഒന്നാം തലമുറയിലെ ഐപ്പിന്റെ മൂത്തമകനായ കൊച്ചു വറീതിന്റെ (പടിഞ്ഞാറേ വീട്) സന്തതി പരമ്പര പ്രതിപാദിച്ചല്ലോ. ടി. ഐപ്പിന്റെ രണ്ടാമത്തെ മകൻ ഔസേപ്പിന്റെ സന്തതി പരമ്പരയെപ്പറ്റി നമുക്ക് വിശകലനം ചെയ്യാം.
രണ്ടാം തലമുറ ഔസേപ്പിന്റെ കുടുംബം കിഴക്കേവീട് എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന് രണ്ട് മക്കൾ ഉണ്ടായിരുന്നു. ഐപ്പും, പെരിയ ബ. ഗീവർഗ്ഗീസ് അച്ചനും ഇവർ മൂന്നാം തലമുറക്കാരായിരുന്നു. മൂന്നാം തലമുറയിൽപ്പെട്ട ഐപ്പിന് അഞ്ചു മക്കളായിരുന്നു. ഔസേപ്പ്, കുഞ്ഞുവറീയത്, ഇട്ടൂപ്പ്, ഈനസ്യ, മാത്തു. ഇതിൽ മൂത്തമകൻ ഔസേപ്പിന്റെ സന്തതിപരമ്പരയെ ചുണ്ടേപറമ്പുതാവഴിയിൽപെട്ടവരെന്നും കുഞ്ഞവറിയതിന്റെ കുടുംബത്തെ പഴങ്ങാട്ടുപറമ്പിൽ എന്നും മൂന്നാമത്തെ മകൻ ഇട്ടുപ്പിന്റെ സന്തതി പരമ്പരയെ ബംഗ്ലാവിൽ എന്നും നാലാമത്തെ മകൻ മാത്തുവിന്റെ സന്തതിപരമ്പരയെ വലിയവീടെന്നും പിൽക്കാലത്ത് അറിഞ്ഞു വന്നു. കൃഷി ജിവിതവൃത്തിയായി സ്വീകരിച്ചവരായിരുന്നു ഈ നാലു വീട്ടുകാരും. എന്നാൽ വിദ്യാഭ്യാത്തിൽ അഭിവൃദ്ധി കണ്ടെത്തിയ പലരും കൈക്കോട്ടും കൃഷി ആയുധങ്ങളും ഉപേക്ഷിച്ച് അന്യരാജ്യങ്ങളിൽ കുടിയേറി അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്നു.

### ഔസേപ്പ് (ചുണ്ടേപറമ്പിൽ)

ചുണ്ടേപറമ്പിൽ എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെടുന്ന ഇരിമ്പൻ തറവാട്ടിലെ തലമൂത്ത കാരണവരാണ് ഔസേപ്പ്. പുത്തൻചിറയിലെ നമ്പാടൻ കുടുംബത്തിലെ റോസ് ആയിരുന്നു ഔസേപ്പിന്റെ സഹദർമ്മിണി. പൂവ്വത്തുശ്ശേരി ഗ്രാമത്തിലെ സമ്പന്നരിൽ ഒരാളായിരുന്നു ഔസേപ്പ്. ഈ ദമ്പതികൾക്ക് മൂന്ന് സന്താനങ്ങളെ ദൈവം സമ്മാനിച്ചു. മൂത്തമകളായി റവ. മദർ മരീന, രണ്ടാമത്തെ മകളായി ത്രേസ്യ, മൂന്നമനായി വർഗ്ഗീസും ജനിച്ചു. റോസ 12.10.1925ൽ ചരമമടഞ്ഞു. അധികം വൈകാതെ ഔസേപ്പും ലോകത്തോടു യാത്ര പറഞ്ഞു.

### റവ. സിസ്റ്റർ മരീന

ഔസേപ്പ് റോസ ദമ്പതികളുടെ മൂത്തമകളായി മരീന 1887 ഫെബ്രുവരി 11 ന് ജനിച്ചു. പ്രായത്തിലും വിശുദ്ധിയിലും പക്വമതിയായി വളർന്നുവന്ന മരീന ലോകവും, ലോകത്തിലെ നശ്വരങ്ങളും വിട്ടുപേക്ഷിപ്പാൻ തയ്യാറായി. നിത്യകന്യാകാവ്യതം വാഗ്ദാനം ചെയ്ത കർമ്മലീത്താ സഭയിലെ അന്തേവാസിയായി ഈ ഗ്രാമത്തിൽ നിന്നും ആദ്യമായി സന്യാസിയാവാൻ പോയവരിൽ ഒരാളായിരുന്നു റവ. സി. മരീന. സന്യാസ സഭയിൽ ചേർന്നതിനുശേഷം സി. മരീന സ്വന്തം ഗ്രാമത്തിലേക്ക് വന്നിട്ടില്ല. തൃശ്ശൂർ സെന്റ്. മേരീസ് കോളേജിന്റെ തുടക്കത്തിലും, ആ സ്ഥാപനത്തിന്റെ വളർച്ചയിലും സി. മരീന കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. സി. മരീന 30.04.1973ൽ നിര്യാതയായി



### ത്രേസ്യ

ഔസേപ്പ് റോസ ദമ്പതികളുടെ രണ്ടാമത്തെ മകളാണ് ത്രേസ്യ. വാപ്പാലശേരിയിൽ പയ്യപ്പിള്ളി കൊളുവൻ ഔസേപ്പ് പൗലോ ത്രേസ്യയെ വിവാഹം ചെയ്തു.

**ഗീവർഗ്ഗീസ്**

ഔസേപ്പ് റോസ ദമ്പതികളുടെ പുത്രനായിരുന്നു ഗീവർഗ്ഗീസ്. നല്ലൊരു വയലിനിസ്റ്റും പാട്ടുകാരനുമായിരുന്നു ഗീവർഗ്ഗീസ്.പഴയാറ്റിൽ കുറുവത്ത് തോമ മറിയത്തെ ഗീവർഗ്ഗീസ് വിവാഹം ചെയ്തു.ഈ ദമ്പതികൾ നാല് മക്കൾക്ക് ( ഔസേപ്പ്, അന്നം, തോമസ്, കൊച്ചുറോസമ്മ ) ജന്മം നൽകി .മറിയം 12.10.1926ൽ ഈ ലോകത്തോട് യാത്രപറഞ്ഞു.
ഗീവർഗ്ഗീസ് രണ്ടാം വിവാഹം ചെയ്തത് നായത്തോട് മുണ്ടൻപൗലോ മറിയത്തെയാണ്. രണ്ടാം വിവാഹത്തിൽ മൂന്നു മക്കളാണുള്ളത്.(പൈലപ്പൻ, ത്രേസ്യാക്കുട്ടി,മേരി)

**ഔസേപ്പ്.**

ഗീവർഗ്ഗീസ് മറിയ ദമ്പതികളുടെ മൂത്തപുത്രനായി ഔസേപ്പ് 14.5.1912ൽ ജനിച്ചു. കൃഷിയായിരുന്നു ഔസേപ്പിന്റെ മുഖ്യതൊഴിൽ. കുത്തിയതോട് തച്ചിൽ ഔസേപ്പ് മകൾ ഏല്യയെ വിവാഹം ചെയ്തു. വർഗ്ഗീസ്, അമ്മിണി, ജോസ്, റോസി, തോമസ്, ബീന എന്നിവർ മക്കളാണ്. ഔസേപ്പ് 12.11.1994ലും, ഏല്യ 1.5.2005ലും നിര്യാതരായി.



**വർഗ്ഗീസ്**

മൂത്ത മകൻ വർഗ്ഗീസ് കൃഷിക്കാരനായിരുന്നു. വിവാഹം ചെയ്തിരിക്കുന്നത് മാമ്പ്ര പറമ്പി ആഗസ്തി മകൾ സിസിലിയെയാണ്. ഇവർക്ക് മൂന്ന് മക്കളാണുള്ളത്.(ലിജി, ലിനി, ലിന്റോ). സിസിലി 14.04.2024 നു നിര്യാതയായി.



**ലിജി**

മൂത്തമകൾ ലിജിയെ എടയാറ്റൂരുള്ള വെട്ടിയാടൻ മാത്തു മകൻ ബെന്നി വിവാഹം കഴിച്ചു. ബെന്നിയും ലിജിയും റോമിൽ ജോലി ചെയ്യുന്നു. ഇവർക്ക് മൂന്നു പെൺമക്കളാണുള്ളത്.

**ലിനി**

രണ്ടാമത്തെ മകൾ ലിനിയെ ആനപ്പാറ മൂഞ്ഞേലി കൊച്ചപ്പന്റെ മകൻ ഡേവീസ് വിവാഹം കഴിച്ചു. ഡേവീസും ലിനിയും റോമിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടാൺമക്കളും ഒരു പെൺകുട്ടിയും ജനിച്ചു.

**ലിന്റോ**

വർഗീസ് - സിസിലി ദമ്പതിമാരുടെ ഇളയ മകൻ ലിന്റോ റിമിൽ ജോലി ചെയ്യുന്നു. ചൗക്ക മൽപ്പാൻ അബ്രഹാമിന്റെ മകൾ ജിഷയെയാണ് ലിന്റോ വിവാഹം ചെയ്തിരിക്കുന്നത്. ഇവരിപ്പോൾ റോമിൽ ജോലിചെയ്യുന്നു. ഇവർക്ക് രണ്ടു മക്കൾ - ഐവിൻ, ഏയ്ഡൻ



**അമ്മിണി**

ഔസേപ്പ് ഏല്യ ദമ്പതികളുടെ രണ്ടാമത്തെ മകൾ അമ്മിണിയെ അരിമ്പൂരിൽ പാവർട്ടിക്കാരൻ കൊച്ചാപ്പു മകൻ ജോണി വിവാഹം ചെയ്തു. രണ്ടുപേരും അദ്ധ്യാപകരായിരുന്നു. ജോണി ഈ ലോകത്തോടു വിട പറഞ്ഞു. ഇവർക്ക് ഒരാൺകുട്ടിയും (ജോബി) രണ്ടു പെൺകുട്ടികളും (റെന്നി, റെറ്റി) ജനിച്ചു. ജോണിയും, അമ്മിണിയും(3.8.2024ലും) നിര്യാതരായി.

**ജോസ്**

ഔസേപ്പ് ഏല്യ ദമ്പതികളുടെ രണ്ടാമത്തെ മകനായി ജോസ് ജനിച്ചു. മാമ്പ്രയിൽ കുറുങ്ങാടൻ അന്തോണിയുടെ മകൾ മേരിയാണ് ഭാര്യ. അവർക്ക് രണ്ടുപെൺമക്കളും, രണ്ടാൺമക്കളും ജനിച്ചു.
ജോസിന്റെ മൂത്തമകളായ മായയെ കൂടപ്പുഴ (ചാലക്കുടി) ചെങ്ങിനിമറ്റം തറവാട്ടിൽ നിന്നും ഉള്ള ജേക്കബ്ബ് വിവാഹം ചെയ്തു. ഇവർ ഇറ്റലിയിൽ ജോലി ചെയ്യുന്നു.
ജോസിന്റെ രണ്ടാമത്തെ മകളായ മനിലയെ ആലുവ പരിയാരത്ത് വീട്ടിൽ നിന്നും ഉള്ള അലക്സ് വിവാഹം ചെയ്തു. ഇവർ റോമിൽ ജോലി ചെയ്യുന്നു.



**മെജോ**

ജോസ് മേരി ദമ്പതിമാരുടെ മൂത്ത പുത്രനായ മെജോ പുത്തൻചിറ താക്കോൽക്കാരൻ കുടുംബത്തിൽപെട്ട ജെസ് ലിനെ വിവാഹം ചെയ്തു. ഇവരിപ്പോൾ ജർമനിയിൽ ജോലി ചെയ്യുന്നു.
ഇവർക്ക് രണ്ട് മക്കൾ - മരീസ (DOB 20.03.2014) മാനുവൽ (DOB 26.05.2023) .




**ജിജോ**

ജോസ് മേരി ദമ്പതിമാരുടെ ഇളയ മകനാണ് ജിജോ. നഴ്സിംഗ് പഠനം കഴിഞ്ഞ് റോമിൽ ജോലി ചെയ്യുന്നു. ജിജോ വടുതല കോടൻകണ്ടത്തു ജേക്കബ് മകൾ റോസ് മേരിയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ - ദാവീദ് (DOB 16.07.2017), സോഫിയ (DOB 24.04.2019), നോറ (DOB 20.01.2023).




**റോസി**

ഔസേപ്പ് ഏല്യ ദമ്പതികളുടെ രണ്ടാമത്തെ മകളായി റോസി ജനിച്ചു. മുല്ലശ്ശേരിയിൽ കൈതാരത്ത് ദേവസ്സിയുടെ മകൻ ജോർജ്ജാണ് വിവാഹം കഴിച്ചത്. ഇവർക്ക് രണ്ട് ആൺകുട്ടികളും (ബിജോയ്, ജെറിൻ) ഒരു പെൺകുട്ടിയും (ബിന്ദു) ജനിച്ചു. ജോർജ് 6.09.2009 ലും, ബിജോയ് 27.03.2010 ലും നിര്യാതരായി.



**തോമസ്**

ഔസേപ്പിന്റെ മൂന്നാമത്തെ മകനായി തോമസ് ജനിച്ചു. എഞ്ചിനിയറിംഗ് വിദ്യാഭ്യാസത്തിനു ശേഷം ബോംബെയിൽ ജോലി നോക്കി എലിഞ്ഞിപ്രയിൽ മേച്ചേരി ഔസേപ്പിന്റെ മകൾ വത്സയെ വിവാഹം ചെയ്തു. രണ്ടുപേരും റോമിൽ ജോലിയിലായിരുന്നു. ഇപ്പോൾ നാട്ടിൽ തിരിച്ചുവന്ന് ചാലക്കുടിയിൽ സ്ഥിര താമസമാക്കിയിരിക്കുന്നു.ഇവർക്ക് രണ്ട് മക്കളുണ്ട് : സ്റ്റീവ്, ജോയൽ



**സ്റ്റീവ് (B.Tech,MBA)**

മൂത്തമകൻ സ്റ്റീവ് B.Tech,MBA പാസ്സായശേഷം അഏങ്ങ ആയി ലുക്കർ ഇലക്ട്രിക്ക് പ്രൈവറ്റ് ലിമിറ്റഡിൽ ജോലി ചെയ്യുന്നു. സ്റ്റീവ് പടിഞ്ഞാറേ ചാലക്കുടി കല്ലറ ചുള്ളി തോമസിന്റെ മകൾ സിന്ധു (ബിടെക്) വിവാഹം ചെയ്തു ഇവർക്ക് രണ്ട് മക്കൾ, ഹേസൽ (DOB 19.04.2016), ഒലിവ് (DOB 19.12.2019).



**ഡോ.ജോയൽ: MBBS,MD**

തോമസിൻറെ രണ്ടാമത്തെ മകൻ ഡോ.ജോയേൽ അമൃത മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നു. ജോയൽ അശോകപുരം തറയിൽ അഗസ്റ്റിൻറെ മകൾ മിനുവിനെ ( B.Arch,M.Plan വിവാഹം ചെയ്തു.



**ബീന**

ഔസേപ്പ് ഏല്യ ദമ്പതികളുടെ മൂന്നാത്തെ മകൾ ബീനയെ താഴൂർ പറമ്പി ഔസേപ്പിന്റെ മകൻ ജോർജ്ജാണ് വിവാഹം ചെയ്തിരിക്കുന്നത്. ഈ ദമ്പതികൾക്ക് രണ്ടാൺമക്കളും (ജിസ്റ്റോ, റെയ്ഗോ) ഒരു പെൺകുട്ടിയും (റിയ) ജനിച്ചു.



**റവ. പീറ്റർ അന്ന പീറ്റർ**

ഗീവർഗ്ഗീസിന്റെയും മറിയയുടെയും രണ്ടാമത്തെ മകളായി അന്നം 1091 കന്നി 30-ാം തിയ്യതി ജനിച്ചു. വിദ്യാഭ്യാസത്തിനു ശേഷം പുത്തൻചിറ തിരുകുടുംബത്തിൽ ചേർന്നു. എളിമയിലും ദാരിദ്രത്തിലും വിശ്വസിച്ച് പ്രാർത്ഥാനാ ജീവിതമാണ് ബ. സിസ്റ്റർ അന്ന പീറ്റർ നയിച്ചിരുന്നത്.
തിരുകുടുംബ മഠം പ്രൊവിൻസായി തിരിച്ചപ്പോൾ, ബ. സിസ്റ്റർ പാലക്കാട് ചിറ്റൂർ തിരുകുടംബത്തിലേക്ക് മാറി. 2001 ൽ ബ. സിസ്റ്റർ ഈ ലോകത്തോട് വിടപറഞ്ഞു.ചിറ്റൂർ തിരുകുടംബ മഠത്തോടു ചേർന്ന കല്ലറയിൽ സംസ്ക്കരിക്കപ്പെട്ടു.

**തോമസ്**

ഗീവർഗ്ഗീസിന്റെയും, മറിയയുടെയും രണ്ടാമത്തെ പുത്രനായി 15.1.1920ൽ തോമസ് ജനിച്ചു. വിദ്യാഭ്യാസ ത്തിനു ശേഷം ബ്രിട്ടീഷ് സൈന്യത്തിൽ സേവനമനുഷ്ടിച്ചു. രണ്ടാംലോക മഹായുദ്ധത്തിൽ പങ്കെ ടുത്തിട്ടുണ്ട്. ദീർഘകാലം സൈന്യത്തിൽ സേവനമനുഷ്ഠിച്ച് പെൻഷൻപറ്റി പൂവ്വത്തുശ്ശേരിയിൽ താമസമാക്കി. വടക്കൻപറവൂർ മാമ്പിള്ളി അന്തോണി ഭാര്യ അമ്മിണിയാണ് ഭാര്യ. അമ്മിണി പാലിശ്ശേരി എസ്. എൻ. ഡി.പി. സ്കൂൾ അദ്ധ്യാപികയായിരുന്നു. ഈ ദമ്പതിമാർക്ക് നാല് ആൺമക്കളും, ഒരു മകനും ഉണ്ട്. തോമസ് 4.1.2011 ലും അമ്മിണി 21.4.2021 ലും നിര്യാതരായി.



**മോഹൻ**

മൂത്ത മകൻ മോഹൻ കമ്പ്യൂട്ടർ എഞ്ചിനിയറായി സൗദിയിൽ വളരെ കാലം സേവനം ചെയ്തു. കോട്ടയം മോനിപ്പിള്ളി കിഴക്കേ പാലക്കത്തടം സക്കറിയയുടെ മകൾ ലിസൻ ആണ് സഹധർമ്മിണി. ലിസൻ സൗദിയിൽ ഗവ. ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സായി ഇരുപത് വർഷം സേവനമനുഷ്ഠിച്ചതിനു ശേഷം പൂവ്വത്തുശേരിയിൽ സ്ഥിരതാമസമാക്കി. ഇവർക്ക് രണ്ട് ആൺമക്കൾ( ദീപക്, ദിലീപ്)



**ദീപക് (B,Tech)**

മോഹൻ ലിസൻ ദബതികളുടെ മൂത്ത മകൻ ദീപക് ഇപ്പോൾ ഡൽഹിയിൽ മിൻഡ കമ്പനിയിൽ ജോലി ചെയ്യുന്നു.നായരമ്പലം കിരിയാന്തൻ ദേവസി മകൾ അനുവിനെ (MCA) വിവാഹം ചെയ്തു. ഇവർക്ക് രണ്ടു കുട്ടികൾ ക്രിസ് (DOB 20.12.2016) ഏഡൻ (DOB 17.11.2022)



**ദിലീപ് (B.Tech)**

മോഹൻ ലിസൻ ദബതികളുടെ രണ്ടാമത്തെ മകൻ ദിലീപ് പുവ്വത്തുശ്ശേരീ പാറാശ്ശേരി ജോളി മകൾ ജോജിതയെ (M.Com) വിവാഹം ചെയ്തു. രണ്ടുപേരും ഇപ്പോൾ ദുബായിൽ ജോലി ചെയുന്നു. ഇവർക്ക് ഒരു മകനുണ്ട് : സക്കറിയ (DOB 14.11.2023)



**റോസ്മേരി**

തേമസ് അമ്മിണി ദമ്പതിമാരുടെ മൂത്തമകൾ റോസ്മേരി ബി.എസ്.സി. നഴിസിംഗ് പാസായി മസ്ക്കറ്റിൽ ജോലി നോക്കി. പൂവ്വത്തുശ്ശേരിയിൽ കാച്ചപ്പിള്ളി കുഞ്ഞിതോമൻ മകൻ വർഗ്ഗീസിനെ വിവാഹം ചെയ്തു. ഇപ്പോൾ നാട്ടിൽ സ്ഥിരതാമസമാക്കി. ഇവർക്ക് ഒരു മകനുണ്ട് സുനിൽ. കമേർസ്ഷ്യൽ പൈലറ്റ്

ലൈസൻസ് നേടിയ സുനിൽ ഇപ്പോൾ ന്യൂസിലാൻഡ് എയർ ലൈൻസിൽ ജോലി ചെയ്യുന്നു.



**ജോസഫ് ആന്റണി (ഉണ്ണി)**

തോമസ് അമ്മിണി ദമ്പതിമാരുടെ രണ്ടാമത്തെ മകനാണ് ജോസഫ് ആന്റണി (ഉണ്ണി). സ്ക്കൂൾ വിദ്യാഭ്യാസ ത്തിനു ശേഷം ഐ.ടി.സി. പാസായി. സൗദിയിൽ ജോലി ചെയ്തിരുന്നു. ഇരിങ്ങാലക്കുട ഐനിക്കൽ ലൂവിസിന്റെ മകൾ ഷീബയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് ഒരു മകളുണ്ട്. സിസിലിയ



പ്ലസ്ടു പാസ്സായി.ഇവർ ഇപ്പോൾ പൂവ്വത്തുശ്ശേരിയിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. ഉണ്ണി ഇപ്പോൾ റീഗൽ ജുവ്വലേഴ്സിന്റെ മാർക്കറ്റിങ് മാനേജരായി ജോലി ചെയ്യുന്നു.

**വിജോ**

തോമസ് അമ്മിണി ദമ്പതിമാരുടെ മൂന്നാമത്തെ മകനാണ് വിജോ തോമസ്. ബി. കോം. പാസ്സായ ശേഷം സൗദിയിൽ ജോലിനോക്കിയിരുന്നു. തൊടുപുഴ പള്ളിപ്പാട്ട് വർഗ്ഗീസിന്റെ മകൾ ബിജിയാണ് ഭാര്യ. എം. എസ്.സി., ബി.എഡ്. പാസ്സായ ബിജി ടീച്ചറായി ജോലി നോക്കുന്നു. അരുൺ, മെറിൻ മക്കളാണ്. വിജോ കുടുംബസമേതം ചാലക്കുടി എലിഞ്ഞിപ്രയിൽ താമസമാക്കി ബിസിനസ്സ് നടത്തുന്നു.



**ചെറിയാൻ**

തോമസ് അമ്മിണി ദമ്പതിമാരുടെ ഇളയപുത്രനാണ് ചെറിയാൻ. ഡിഗ്രിയെടുത്ത ശേഷം കമ്പ്യൂട്ടർസോഫ്റ്റ് വെയർ ൽ ഡിപ്ലോമ പാസ്സായി സൗദിയിൽ ജോലി ചെയ്തിരുന്നു. മേലൂർ മാളിയേക്കൽ ആന്റണിയുടെ മകൽ സവിതയാണ് ഭാര്യ. ഇവർക്ക് രണ്ട് മക്കളുണ്ട്. ഷോണും, ചെറിൽ ചെറിയാനും. രണ്ടു പേരും ഇപ്പോൾ അയർലെന്റിൽ ജോലി ചെയ്യുന്നു.


ചെറിയൻ - സവിത
ഷോൺ
ചെറിൽ

**കൊച്ചുറോസമ്മ**

ഗിവർഗ്ഗീസ് മറിയം ദമ്പതികളുടെ ഇളയമകൾ കൊച്ചുറോസമ്മയെ പുത്തൻചിറിയിൽ അമ്പൂക്കൻ ഇട്ടി യാനി ഔസേപ്പ് വിവാഹം ചെയ്തു. ഇവർക്ക് നാലു പെൺമക്കളും (സിസ്റ്റർ ജെസ്സിയാൻ, സിസ്റ്റർ

ഡെയ്സി, ഫ്ളോറ, സെലിൻ)  നാല് ആൺമക്കളും (പാപ്പച്ചൻ,തോമസ്,ജോർജ്ജ്,പോൾസൺ)ജനിച്ചു. അന്തോണിയും,ത്യേസാക്കുട്ടിയും (20.3.2021) നിര്യാതരായി.

**പൈലപ്പൻ**

ഗീവർഗ്ഗീസിന്റെ രണ്ടാം വിവാഹത്തിലെ മൂത്തപുത്രനാണ് പൈലപ്പൻ.  പൈലപ്പൻ വളരെക്കാലം തമിഴ്നാട്ടിലാണു ജോലി നോക്കിയിരുന്നത്.  കേരളത്തിൽ മടങ്ങിവന്ന് പാറക്കടവിൽ താമസമാക്കിയിരുന്നു. പൈലപ്പൻ കുണ്ടൂർ പാറേക്കാട്ടിൽ വറിയതിന്റെ മകൾ റോസിയെ വിവാഹം കഴിച്ചു.  റോസിയും കുടുംബാംഗങ്ങളും പിന്നീട്  താണിശ്ശേരിയിൽ സ്ഥിരതാമസമാക്കി.  പൈലപ്പൻ റോസി ദമ്പതിമാർക്ക് അഞ്ച് മക്കളാണ് ഉള്ളത്. പൈലപ്പൻ 18.10.1984 ലും, റോസി 27.04.2024 ലും നിര്യാതരായി.

**ബാബു**

പൈലപ്പൻ റോസി ദമ്പതിമാരുടെ മൂത്തമകനായി ബാബു ജനിച്ചു.  പതിനഞ്ചു വർഷത്തോളം കരസേനയിൽ സേവനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചുവന്നു.  കാഞ്ഞങ്ങാട്ട് വെള്ളോപ്പിള്ളി ജോർജിന്റെ മകൾ അമ്മിണിയാണ് ഭാര്യ.  ഇപ്പോൾ പാറപ്പുറം എന്ന സ്ഥലത്ത് താമസിക്കുന്നു.  ഒരു മകനുണ്ട്. മെർവിൻ. വിദ്യാർത്ഥിയാണ്.  ബാബു ഇപ്പോൾ ബെഹറിനിൽ ജോലി ചെയ്യുന്നു.



**ജോയി**

പൈലപ്പന്റെ രണ്ടാമത്തെ മകനാണ് ജോയി.  പത്തു വർഷക്കാലം സൗദിയിൽ ലൂസെന്റ് ടെക്നോളജി എന്ന സ്ഥാപനത്തിൽ പ്ലാനിംഗ് എഞ്ചിനിയറായി ജോലി നോക്കിയിരുന്നു.  ചെമ്പേരിയിൽ കാഞ്ഞിരത്തിങ്കൽ എബ്രാഹാമിന്റെ മകൾ മെറ്റിൽഡയെ വിവാഹം ചെയ്തു.  മെറ്റിൽഡ സൗദിയിൽ സ്റ്റാഫ് നഴ്സായി ജോലി നോക്കിയിരുന്നു.  ഈ ദമ്പതികൾക്ക് രണ്ടുമക്കൾ - മേഘന, നിഷാന്ത്.  രണ്ടുപേരും വിദ്യാർത്ഥികളാണ്.  ഇവർ ഇപ്പോൾ സകുടുംബം ലണ്ടനിലാണ്.



**ലാലി**

പൈലപ്പൻ റോസി ദമ്പതിമാരുടെ മൂത്തപുത്രിയായ ലാലിയെ എരുമേലിയിൽ മടത്തികുന്നേൽ കുരിയൻ തോമസാണ് വിവാഹം ചെയ്തിരിക്കുന്നത്. ലാലി ടാറ്റ സ്റ്റീൽ വർക്ക്സിൽ ജോലി നോക്കിയിട്ടുണ്ട്. തോമസ് ഇറ്റലിയിൽ ജോലി നോക്കുന്നു. ഇവർ ഇപ്പോൾ വലിയപറമ്പിൽ താമസിക്കുന്നു. ഇവർക്ക് ഒരു മകനും (ബെനിറ്റോ) ഒരു മകളും (അനിറ്റ) ജനിച്ചു.



**റാണി**

പൈലപ്പൻ റോസി ദമ്പതിമാരുടെ ഇളയ മകളാണ് റാണി. നഴ്സിംഗ പാസായി ബഹറിനിൽ ജോലി നോക്കുന്നു. പത്തനംതിട്ടയിൽ തെക്കിനിയേടത്ത് സാമുവൽ റെജിയാണ് റാണിയുടെ ഭർത്താവ്. ഈ ദമ്പ തികൾക്ക് ഒരു മകനും (അലൻ) ഒരു മകളുമാണ് (എയ്ഞ്ചൽ) ഉള്ളത്.



**ജോമോൻ**

പൈലപ്പന്റെ ഇളയമകനാണ് ജോമോൻ. ജോമോൻ മസ്ക്കറ്റിൽ ജോലി നോക്കിയിരുന്നു. കുഴൂർ മഞ്ഞളി റീനയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. താണിശ്ശേരിയിൽ താമസിക്കുന്ന ജോമോൻ കാറ്ററിംഗ് സംബ ന്ധമായ ജോലി ചെയ്യുന്നു.



**ത്രേസ്യക്കുട്ടി**

ഗീവർഗ്ഗീസിന്റെയും, മറിയത്തിന്റെയും മൂത്തപുത്രിയാണ് ത്രേസ്യക്കുട്ടി. മേലൂർ വടക്കൻ അന്തോണി യാണ് ത്രേസ്യക്കുട്ടിയെ വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് ഏഴ് പെൺമക്കളും (സിസ്റ്റർ ട്രീസാൻ,

റോസി, സിസ്റ്റർ പൗളാ ഇൻസ് ഡി- ലാ, ഫിലോ, ആനി, ലിസി, വത്സ) ഒരു മകനും (ജോർജ്ജ്) ജനിച്ചു)



**മേരി**

ഗീവർഗ്ഗീസിന്റെ രണ്ടാം വിവാഹത്തിലെ ഇളയമകളാണ് മേരി. കൈതാരത്താണ് മേരിയെ വിവാഹം ചെയ്തിരിക്കുന്നതെങ്കിലും മേരിയും, ഭർത്താവ് കെ. വി. വർഗ്ഗീസും പാറക്കടവിലാണ് സ്ഥിരതാമസമാക്കിയത്. രണ്ട് പേരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഇവർക്ക് മൂന്ന് ആൺമക്കളും, (പരേതനായ മോനച്ചൻ, അഗസ്ററിൻ, ജോസ്) ഒരു മകളുമാണ് (അൽഫോൻസ) ഉള്ളത്.

